**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6652** **11-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾ നിശ്ചിത പ്രായത്തിൽ ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ നേടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾ നിശ്ചിത പ്രായത്തിൽ ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ നേടാൻ മുഴുവൻ വിദ്യാർത്ഥികളേയും പ്രാപ്തരാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഓരോ ക്ലാസിലും കുട്ടികൾ ആർജിക്കേണ്ട പഠന നേട്ടങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിരവധി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br><br>1 മുതൽ 7-ാം ക്ലാസ് വരെ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയും ഓരോ പരീക്ഷ കഴിയുമ്പോഴും പഠനപിന്തുണ വേണ്ട കുട്ടികൾക്കായി പഠന പിന്തുണാ പരിപാടിയും നടപ്പിലാക്കുന്നുണ്ട്. ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ശേഷികൾ കൃത്യമായി രേഖപ്പെടുത്തുന്നതിനായി "സഹിതം" പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ എല്ലാം നടപ്പിലാക്കുന്നതിനുവേണ്ടി അധ്യാപ കർക്കായുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>സമഗ്ര ശിക്ഷാ കേരളം പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി, പഠന പോഷണ പരിപാടികൾ, നൂതനാശയ പദ്ധതി പ്രവർത്തനങ്ങൾ, നിപുൺ ഭാരത് മിഷൻ പ്രവർത്തനങ്ങൾ, വർക്ക് എജ്യൂക്കേഷൻ പ്രോഗ്രാമുകൾ, രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ പ്രവർത്തനങ്ങൾ എന്നിവയും നടപ്പാക്കി വരുന്നു. |
| (ബി) | പത്താം ക്ലാസ്സ് പാസാകുന്നതിന് എഴുത്തു പരീക്ഷക്ക് മാത്രമായി മിനിമം മാർക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പാഠ്യപദ്ധതി പരിഷ്കരണങ്ങളുടെ ഭാഗമായി മൂല്യനിർണ്ണയ രീതിശാസ്ത്രം സമഗ്രമായി പരിഷ്കരിക്കുന്നതിനായി നിരന്തര മൂല്യനിർണ്ണയ പ്രക്രിയ നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പത്താം ക്ലാസ് പാസാകുന്നതിന് എഴുത്തുപരീക്ഷയ്ക്ക് മാത്രമായി മിനിമം മാർക്ക് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ ചർച്ചകൾ നടന്നുവരികയാണ്. ഇത്തരം പരിഷ്കരണങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി 2024 മെയ് മാസത്തിൽ |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരത്ത് വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചിരുന്നു. വിദ്യാഭ്യാസ വിദഗ്ധർ, കരിക്കുലം കമ്മിറ്റി അംഗങ്ങൾ, നിയമസഭാ സാമാജികർ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, അധ്യാപക സംഘടനാ പ്രതിനിധികൾ. മാധ്യമ പ്രവർത്തകർ, രക്ഷിതാക്കൾ തുടങ്ങിയവർ കോൺക്ലേവിൽ പങ്കെടുത്തു. ഈ കാര്യം സംബന്ധിച്ച് വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തിയശേഷം മാത്രമേ തീരുമാനമെടു ക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ